# വയലാർ ഗ്രാമപഞ്ചായത്ത്

# 2026-27

## ബജറ്റ് ആമുഖ പ്രസംഗം

ബഹുമാന്യരെ,

വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതിയുടെ 2026-27 സാമ്പത്തിക വർഷത്തെ ബജറ്റ് അവതരിപ്പിക്കുകയാണ്.

വയലാർ ഗ്രാമപഞ്ചായത്തിന്റെ വികസന ചരിത്രത്തിലെ വളരെ സുപ്രധാനമായ ഘട്ടത്തിലാണ്.നാം ഈ ബജറ്റ് അവതരിപ്പിക്കുന്നത്.സാമ്പത്തിക അച്ചടക്കം പാലിച്ചുകൊണ്ട് വികസനവും ജനക്ഷേമവും ഒന്നിച്ചു കൊണ്ടു പോകുന്നതിനെകുറിച്ചാണ് ബജറ്റ് ലക്ഷ്യമിടുന്നത്.കഴിഞ്ഞ വർഷം നാം നടപ്പാക്കിയ പദ്ധതികളുടെ പുരോഗമനവും ജനങ്ങളുടെ ആവശ്യങ്ങൾക്ക് മുൻതൂക്കം കൊടുത്തുകൊണ്ടുമാണ് വരും വർഷത്തിലേക്കുള്ള പദ്ധതികൾ വിഭാവനം ചെയ്തിരിക്കുന്നത്.ഈ ബജറ്റ് പ്രധാനമായും അടിസ്ഥാന സൗകര്യം , വിവര സാങ്കേതികവിദ്യ ,പരിസ്ഥിതി സൗഹാർദ്ദം,ഉല്പാദന മേഖല ,മാലിന്യ സംസ്കരണം,ലൈഫ് ,സാമൂഹ്യ സുരക്ഷ എന്നീ മേഖലയിൽ ഊന്നൽ നൽകുന്നു.പരിമിതമായ സ്രോതസ്സുകൾക്കിടയിലും കേന്ദ്ര സംസ്ഥാന ഗ്രാന്റും തനതുവരുമാനവും കൃത്യമായി വിനിയോഗിച്ച് ഒരു സമഗ്രമായ വികസന മാതൃക സൃഷ്ടിക്കുവാൻ ഈ ബജറ്റിന് കഴിയുമെന്ന് ഞാൻ വിശ്വസിക്കുന്നു.

വയലാർ

27.02.2026

ബിന്ദു മുരളി

പ്രസിഡന്റ്

# *വയലാർ ഗ്രാമപഞ്ചായത്ത്*

## *2026 – 2027*

# *ബഡ്ജറ്റ് – ചരിത്രവും പരിണാമവും*

*ബഹുമാന്യരെ ,*

*ഭാരതത്തിന്റെ ഭരണഘടനയുടെ 202--ാം അനുഛേദം അനുസരിച്ച് ഒരു സാമ്പത്തിക വർഷത്തിന്റെ വരവുകളെയും ചെലവുകളെയും സംബന്ധിച്ച ഒരു സാമ്പത്തിക രൂപരേഖ ഓരോ വർഷവും സഭയിൽ അംഗീകരിച്ച് പാസാക്കേണ്ടതുണ്ട്. 1994-ലെ പഞ്ചായത്തിരാജ് നിയമവും ചട്ടങ്ങളും അനുസരിച്ച് അദ്ധ്യായം 19-ൽ 214-ാം ചട്ട പ്രകാരം ബഡ്ജറ്റിനെ പറ്റി വ്യക്തമായി നിർവചിച്ചിരിക്കുന്നു.*

*19-ാം നൂറ്റാണ്ടിലെ ക്ലാസിക്കൽ എക്കണോമിക്സിൽ പ്രമുഖനായിരുന്ന ആഡംസ്മിത്തിന്റെ '' ദി വെൽത്ത് ഓഫ് നേഷൻസ് '' ൽ അദ്ദേഹം സൂചിപ്പിച്ചിരിക്കുന്നത് ഗവൺമെന്റിന്റെ പ്രവർത്തനം വളരെ പരിമിതമാണെന്നും ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം മറ്റ് സാമ്പത്തിക മേഖലയിലേക്ക് ഇടപെടേണ്ട കാര്യമില്ലെന്നും ആണ്. അതായത് ജീവനും സ്വത്തിനും പരിരക്ഷ കൊടുക്കുക,ക്രമസമാധാനം നടപ്പിലാക്കുക തുടങ്ങിയ വളരെ അത്യാവശ്യമായ ചിലവിഷയങ്ങൾ മാത്രമേ ഗവൺമെന്റിന്റെ പ്രവർത്തന പരിധിയിൽ വരുന്നുള്ളു. ബാക്കിയുള്ളതെല്ലാം വിലയുടെ ക്രമീകരണവും (Price Mechanism) കമ്പോളത്തിന്റെ ക്രമീകരണവും ( Marketing Mechanism ) കൊണ്ട് സാമ്പത്തിക പ്രവർത്തനത്തിൽ സമതുലിതാവസ്ഥ ഉണ്ടാകേണ്ടതാണ്.*

*20-ാം നൂറ്റാണ്ടിലെ പ്രശസ്ത സാമ്പത്തിക വിദഗ്ദ്ധനായ '' ജോൺ മെയ്നാർഡ് കെയിൻസ്'' ന്റെ കാലഘട്ടത്തിലേക്ക് വരുമ്പോൾ ഈ നിഗമനത്തിന് മാറ്റംവന്നു. രണ്ടാം ലോക മഹായുദ്ധത്തിലെ സാമ്പത്തിക മാന്ദ്യ (Economic Depression ) കാലഘട്ടത്തിൽ അതിൽ നിന്ന് മോചനം പ്രാപിക്കുന്നതിന് പൊതുമരാമത്ത് പ്രവർത്തികളിലൂടെ പൊതുചെലവ് കൂട്ടണമെന്നും അതിലൂടെ ജനങ്ങളുടെ സാമ്പത്തിക ശേഷി വർദ്ധിപ്പിക്കണമെന്നുമാണ് കെയിനിന്റെ സിദ്ധാന്തം. ഒരു രാജ്യത്ത് ഉൽപാദിപ്പിക്കപ്പെടുന്ന ഉല്പന്നങ്ങൾ വാങ്ങാനുള്ള ക്രയശേഷി ജനങ്ങൾക്ക് കൊടുത്തെങ്കിൽ മാത്രമേ ഉല്പന്നങ്ങൾക്ക് ആവശ്യകത ( Demand ) ഉണ്ടാകുകയുള്ളു.അതുകൊണ്ട് ആഡംസ്മിത്ത് പറഞ്ഞ പോലെ പൊതുചെലവ് പരിമിതപ്പെടുത്തികയല്ല വേണ്ടതെന്നും പൊതുചെലവ് വർദ്ധിപ്പിച്ചുകൊണ്ട് അടിസ്ഥാന സൗകര്യവികസനത്തിലൂടെ തൊഴിൽ ഉണ്ടാക്കികൊടുക്കുകയാണു വേണ്ടതെന്നും കെയിൻന്റെ സിദ്ധാന്തം.*

*ഇത്തരം സിദ്ധാന്തങ്ങളും ചർച്ചകളും നമ്മുടെ ബജറ്റുകളുടെ ആദ്യകാല ചരിത്രത്തെ സൂചിപ്പിക്കുന്നു. ഇന്ന് ബജറ്റ് കേവലം വരവ് ചെലവ് കണക്ക് മാത്രമല്ല മറിച്ച് സാമ്പത്തിക സാമൂഹ്യ മണ്ഡലങ്ങളിൽ പരിപ്രവർത്തനം നടത്തുന്ന ശക്തനായ ഒരു ഉപകരണമാണ്.*

*വയലാർ ഗ്രാമപഞ്ചായത്ത് ഭരണസമിതി യോഗത്തിൽ സംബന്ധിച്ചിരിക്കുന്ന എല്ലാ ബഹുമാന്യ ഭരണസമിതി അംഗങ്ങളെയും ഉദ്യോഗസ്ഥരെയും അഭിവാദ്യം ചെയ്തുകൊള്ളുന്നു.*

*കഴിഞ്ഞ നൂറ്റാണ്ടുകളിൽ അടിമയെ പോലെ ജീവിച്ചിരുന്ന പീഡിതരും നിന്ദിതരുമായ ജനവിഭാഗങ്ങളെ അവകാശബോദ്ധ്യങ്ങളുടെ തീക്ഷണമായ സമരപാതയിലെത്തിച്ച സംഘടിത പ്രസ്ഥാനത്തിന്റെ മുന്നണി പോരാളികളായിരുന്ന വയലാർ സമരസേനാനി കൾ ധീരദേശാഭിമാനികളും നിസ്വാർത്ഥരുമായിരുന്ന അവരുടെ ചൈതന്യവത്തായ ധീര സ്മരണയ്ക്ക് മുന്നിൽ വിനയ പ്രണാമങ്ങൾ അർപ്പിക്കുന്നു.*

*സ്വന്തം തൂലികയെ ഒരേ സമയം പടവാളും മണിവീണയുമാക്കി കൊണ്ട് മലയാള കാവ്യ സിംഹാസനത്തിൽ സ്ഥിര പ്രതിഷ്ഠ നേടിയ ഈ ഗ്രാമത്തിന്റെ പ്രിയപുത്രൻ വയലാർ രാമവർമ്മ.*

***" ആരോരളെൻ കുതിരയെ കെട്ടുവാൻ***

***ആരോരാളതിൽ മാർഗ്ഗം മുടക്കുവാൻ***

***ദിഗ് വിജയത്തിൻ സർഗ്ഗശക്തിയാം***

***ഇക്കുതിരയെ വിട്ടയക്കുന്നു ഞാൻ***

***(ആരൊരാളെൻ........)***

***വിശ്വസംസ്കാര വേദിയിയിൽ***

***പൂത്തനാം അശ്വമേധം***

***നടത്തുകയാണു ഞാൻ"***

***"സ്നേഹിക്കയില്ല ഞാൻ നോവുമാത്മാവിനെ***

***സ്നേഹിച്ചിടാത്തൊരു തത്വശാസ്ത്രത്തെയും"***

*എന്ന് ധീരമായി പ്രസ്താവിച്ച വയലാർ ആർഷഭാരത സംസ്കാരത്തിന്റെ തനിമയും നന്മയും തന്റെ മുന്നില്ലുള്ള ജീവിത സംഭവകഥകളുമായി കോർത്തിണക്കി പുതിയ സമൂഹസൃഷ്ടിക്ക് പ്രചോദനമേകി മാർഗ്ഗദീപമായി.*

***"ഒരുജാതി ഒരുമതം ഒരു ദൈവം മനുഷ്യന്***

***മതമേതായാലും മനുഷ്യൻ നന്നായാൽമതി"***

***"സംഘടിച്ച് ശക്തരാകുക***

***വിദ്യകൊണ്ട് പ്രബുദ്ധരാകുക"***

*എന്നിങ്ങനെ ആഹ്വാനം ചെയ്ത കേരള നവോത്ഥാന നായകനായ യോഗിവര്യൻ ശ്രീനാരായണ ഗുരുദേവന്റെ പാദസ്പർശം കൊണ്ട് പുണ്യഭൂമിയായി തീർന്ന നമ്മുടെ ഗ്രാമം.അസ്പൃശ്യതകൾക്കുംഅനാചാരങ്ങൾക്കും എതിരെ ജനമനസ്സുകളിൽ സാമൂഹ്യ വിപ്ലവം പെയ്തിറക്കിയ പുണ്യപൂജിതൻ.*

*പ്രശസ്തരും പ്രഗത്ഭരും ശ്രേഷ്ഠരും ആദരണീയരുമായ ഒട്ടനവധി മൺമറഞ്ഞുപോയ മഹാത്മാക്കൾ പ്രവർത്തന മേഖലയിൽ ഇപ്പോൾ ശോഭിച്ചുകൊണ്ടിരിക്കുന്ന പ്രതിഭകൾ ഇവരുടെ എല്ലാം സമർപ്പിത സേവനത്തിന്റെ ആകെ തുകയാണ് നമ്മുടെ നാടിന്റെ ഉയർച്ചയ്ക്കും ശ്രേയസിനും നിദാനം.*

*ഏറെ പ്രശസ്തിയും പ്രസക്തിയുംമുള്ള നമ്മുടെ ഗ്രാമത്തിന്റെ തിരുശേഷിപ്പുകളെ തിരിച്ചറിയുന്ന മൺമറഞ്ഞുപോയവരുടെ പാവനസ്മരണയ്ക്കു മുന്നിൽ ആദരം അർപ്പിച്ചുകൊണ്ടും വർത്തമാനകാലത്തെ എല്ലാവിധ സഹകരണവും നൽകികൊണ്ടിരിക്കുന്ന ഏവരെയും നന്ദിപൂർവ്വം സ്മരിച്ചുകൊണ്ടും ഈ ബജറ്റ് സവിനയം ഈ ഭരണസമിതിക്ക് മുൻപാകെ സമർപ്പിച്ചുകൊള്ളുന്നു.*

## *പ്രാധാന്യം*

*ഒരു പൗരന് നമ്മിൽ നിന്നും 2 ചോദ്യങ്ങൾക്കുള്ള ഉത്തരം നൽകുവാൻ സാധിക്കണം.*

1. *പണം സ്വരൂപിക്കുന്നത് എന്തിന് വേണ്ടിയാണെന്ന്.*
2. *നികുതി ദായകർക്ക് എന്ത് സേവനം ലഭിക്കുമെന്ന്.*

*ഗ്രാമത്തെയും പൗരസമൂഹത്തോടുമുള്ള കർത്തവ്യം നിർവഹിക്കുന്നതിനും ഏറ്റവും കൂടുതൽ ആളുകൾക്ക് നന്മചെയ്യുന്നതിനും ധനാഗമ മാർഗ്ഗങ്ങളിൽ എപ്രകാരം പ്രയോജനപ്പെടുത്താം എന്നും നാം തിരിച്ചറിയണം. ഇന്ന് അക്കൗണ്ടിംഗ് രീതി കാതലായി മാറി കഴിഞ്ഞിരിക്കുന്നു.*

# ഗ്രാമപഞ്ചായത്തുകളുടെ ധനകാര്യം

*ഗ്രാമപഞ്ചായത്തിന് വരവും ഉണ്ട് ചെലവും ഉണ്ട്.മതിയായ വരവ് ഇല്ലെങ്കിൽ ചെലവ് ചെയ്യാനാവില്ല.*

## *എങ്ങനെ പണം സ്വരൂപിക്കാം*

*പഞ്ചായത്തിലേക്ക് പലരീതിയിൽ പണം വരുന്നുണ്ട്.നികുതികൾ , വാടക , ഫീസ് തുടങ്ങിയ പല ഇനങ്ങളിൽ തനതുവരുമാനം , സംസ്ഥാന സർക്കാരും കേന്ദ്രസർക്കാരും നൽകുന്ന ഫണ്ടുകളും ഗ്രാന്റുകളും , മറ്റ് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ നിന്നും സമാഹരിക്കാൻ കഴിയുന്നതും ഗുണഭോക്താക്കളിൽ നിന്നും ശേഖരിക്കാൻ കഴിയുന്നതുമായ വിഹിതം.പൊതുജനങ്ങളിൽ നിന്നും സന്നദ്ധസേവനവും സംഭാവനയും ഇതൊന്നും തികയാതെവന്നാൽ വായ്പയും എടുക്കാം.*

## *തനതുവരുമാനം*

### *നികുതി വരുമാനം*

1. *വസ്തുനികുതി*
2. *തൊഴിൽ നികുതി*
3. *പരസ്യ നികുതി*
4. *വിനോദ നികുതി*
5. *സേവന നികുതി*
6. *പ്രദർശന നികുതി*

### *നികുതിയേതര വരുമാനം*

1. *സിനിമ ഫീസ് ,വാടക*
2. *ലൈസൻസ് ഫീസ്*
3. *ഫാക്ടറികൾ നിർമ്മിക്കുവാനും മെഷിനറികൾ സ്ഥാപിക്കുവാനും.*
4. *സ്വകാര്യ മാർക്കറ്റ് , സ്വകാര്യ കശാപ്പുശാല , സിനിമ ലൈസൻസ് തുടങ്ങിയവ*
5. *പെർമിറ്റ് ഫീസ് കെട്ടിട നിർമ്മാണം.*
6. *രജിസ്ട്രേഷൻ ഫീസ് ടൂട്ടോറിയൽ സ്ഥാപനം ,സ്വകാര്യ ആശുപത്രി ,പാരമെഡിക്കൽ സ്ഥാപനം.*

## ഉപയോഗ ഫീസ്

1. പൊതുമാർക്കറ്റ്
2. പൊതുകശാപ്പുശാല

## വിവധതരം ഫണ്ടുകൾ

ഗ്രാമപഞ്ചായത്തിന്റെ നിക്ഷിപ്തമായ ചുമതലകൾ നിർവ്വഹിക്കുന്നതിന് വിവിധ സ്രോതസ്സുകളിൽ നിന്നും ഫണ്ടുകൾ സമാഹരിക്കാം.

1. വികസന ഫണ്ട്
2. സംസ്ഥാന വിഷ്കൃത ഫണ്ട്
3. മെയിന്റനൻസ് ഫണ്ട്
4. ജനറൽ പർപ്പസ് ഫണ്ട്
5. കേന്ദ്രാവിഷ്കൃത ഫണ്ട്
6. തനത് ഫണ്ട്
7. വായ്പകൾ മുതലായവ

## ധനവിനിയോഗ തത്വങ്ങൾ

1. **മിതവ്യയം (Economy)**

   കുറഞ്ഞ ചെലവിൽ ഗുണനിലവാരം മെച്ചപ്പെടുത്തികൊണ്ട് ലക്ഷ്യം കൈവ രിക്കുന്നു.

2. **കാര്യക്ഷമത (Efficiency)**

   ലക്ഷ്യം കൈവരിച്ചത് ന്യായിക്കരിക്കത്തക്ക ചെലവിൽ ആയിരിക്കുക.

3. **ഫലപ്രാപ്തി (Effectiveness)**

   ചെലവഴിച്ച തുകയ്ക്ക് ഉദ്ദേശിച്ച ഫലം നേടിയെടുക്കുക.

## ചെലവുകൾ

### പ്ലാൻ ചെലവ്

പദ്ധതി രൂപീകരണ മാർഗ്ഗ നിർദ്ദേശങ്ങൾക്ക് വിധേയമായി പദ്ധതിരേഖയിൽ ഉൾപ്പെടുത്തി ജില്ല ആസൂത്രണ സമിതിയുടെ അംഗീകാരത്തോടെ നടത്തുന്ന വികസന ചെലവുകൾ.

### നോൺപ്ലാൻ ചെലവ്

മറ്റ് ചെലവുകൾ ശമ്പളം ,വാടക , ഓഫീസ് ചെലവുകൾ ,നടത്തിപ്പ് ചെലവുകൾ ,മെയിന്റനൻസ് ചെലവുകൾ മുതലായവ.

### മൂലധന ചെലവുകൾ

ആസ്തികൾ സൃഷ്ടിക്കുന്നതിനും നിലവിലുള്ള ആസ്തികളുടെ മൂല്യം വർദ്ധിപ്പിക്കുന്നതിനുമുള്ള ചെലവ് (റോഡ് , കെട്ടിടം , കുടിവെള്ള പദ്ധതി , ഫർണീച്ചർ മുതലായവ.

### റവന്യൂ ചെലവ്

മതിപ്പു ചെലവുകൾ അതായത് ശബളം , വൈദ്യുതി ചാർജ്ജ് ,അറ്റകുറ്റപണികൾ ,മറ്റ് മെയിന്റനൻസ് ചെലവുകൾ മുതലായവ.

ഇനി ഇതിനെ താഴെപറയുന്ന പ്രകാരം പട്ടികപ്പെടുത്താം.

- ഭരണ പരമായ ചെലവുകൾ
- അനിവാര്യമായ ചെലവുകൾ
- വികസന പ്രവർത്തനങ്ങൾക്കുള്ള ചെലവുകൾ
- ആസ്തി പരിപാലനത്തിനും സംരക്ഷിക്കുന്നതിനുമുള്ള ചെലവുകൾ
- അടിയന്തിര ചെലവുകൾ
- കണ്ടീജന്റ് ചെലവുകൾ
- അസാധാരണ ചെലവുകൾ
- പൊതുമരാമത്ത് ചെലവുകൾ
- സാമൂഹ്യ ക്ഷേമ ചെലവുകൾ
- ദുരിതാശ്വാസ സിധിയിൽ നിന്നുള്ള ചെലവുകൾ എന്നിങ്ങനെ ക്രമീകരിക്കാം.

ഇങ്ങനെ പൊതുപണം കൈകാര്യം ചെയ്യുമ്പോൾ പ്രഖ്യാപിക്കുന്ന സാമ്പത്തിക പ്ലാനാണ് ബഡ്ജറ്റ്.

## മിച്ച ബജറ്റ്

ബജറ്റിൽ നിന്നും സർക്കാർ നൽകുന്ന ഫണ്ടുകളും ഗ്രാന്റുകളും എൻഡോവ് മെന്റുകൾ , അംശാദായങ്ങൾ ഋണശീർഷ കണക്ക് എന്നിവ പ്രകാരമുള്ള വരവ് ചെലവുകൾ പരിഗണിക്കുമ്പോൾ കുറഞ്ഞത് 5% മിച്ചം ഉണ്ടായിരിക്കണമെന്നതാണ് പഞ്ചായത്തിരാജ് നിയമത്തിൽ പറഞ്ഞിരിക്കുന്നത്.

## മുൻഗണന പരിപാടികൾ

### ഗ്രാമസഭ

ആസൂത്രണ - നിർവ്വഹണ ഗ്രാമസഭകളും മഹാത്മ ഗാന്ധി ദേശീയ തൊഴിലുറപ്പ് പദ്ധതിയിലൂടെ ലേബർ ബജറ്റ് സോഷ്യൽ ഓഡിറ്റ് ഗ്രാമസഭകളും മാതൃക ഗ്രാമസഭ കളും ജനകീയാവശ്യ പ്രകാരം ചേരുന്ന ഗ്രാമസഭകളും.നമ്മുടെ ജനാധിപത്യ ഭരണത്തിന്റെ ആധാരശിലകളാണ്. ഇതിന്റെ പ്രവർത്തനങ്ങൾക്കായി പണം അനുവദിക്കുന്നു.

14-ാംപഞ്ചവത്സര പദ്ധതിയിൽ വിവിധങ്ങളായ മേഖലകളുടെ സമഗ്രവികസനവും സുരക്ഷിതത്വവും ലക്ഷ്യമിട്ടു കൊണ്ടുള്ള 2026-27 വർഷത്തേക്കുള്ള ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്.

### വയലും ആറും ചേർന്ന വയലാറിന് 6 പദ്ധതികൾ

1. ലൈഫ് ഭവന പദ്ധതിയിലൂടെ വീടില്ലാത്ത മുഴുവൻ പേർക്കും വീട്
2. ആധുനീക കളിക്കളം (Turff)
3. കുടുംബാരോഗ്യ കേന്ദ്രത്തിൽ എക്സറേയും ആംബുലൻസും
4. ഒരു വീട്ടീൽ ഒരാൾക്ക് തൊഴിൽ മാതൃക വ്യവസായ സംരംഭം
5. കായൽ ഫെസ്റ്റ് 2026
6. മാലിന്യ-മുക്ത വയലാർ

## ആധുനീക വയലാറിനൊരു വഴികാട്ടി

പിറന്നു വീഴുന്ന കുഞ്ഞുമുതൽ പ്രായമായവർ വരെയുള്ളവരുടെ ജീവിതത്തിന് മേലുള്ള ആർദ്രമായ സ്പർശം , അതിദരിദ്രരും സ്ത്രീകളും ട്രാൻസ് ജൻഡർമാരും ഭിന്നശേഷിക്കാരും എല്ലാ പാർശ്വ വൽകൃതരു മടങ്ങുന്ന വലിയ വിഭാഗത്തിന്റെയാകെ ജീവിതത്തിനോടുള്ള കരുതൽ ഏറ്റവും ആധുനീകമായ വിദ്യാഭ്യാസ സൗകര്യവും അനന്യമായ ആരോഗ്യ സംരക്ഷണവും വീടില്ലാത്തവർ എന്ന ദുരവസ്ഥയെ ദൂരീകരിക്കൽ , ഭൂരഹിതർ ഇല്ലാത്ത വയലാർ എന്ന സ്വപ്നത്തിലേക്കുള്ള യാത്ര , വിഞ്ജാന സമ്പദ്ഘടനയെ അടിസ്ഥാനമാക്കിയുള്ള വയലാർ എന്ന അനതിവിദക്കര സ്വപ്നം , മാലിന്യ നിർമ്മാർജനം എന്ന അകലെയല്ലാത്ത ലക്ഷ്യം , അടിസ്ഥാന സൗകര്യ വികസനവും വയലാറിലെ ടൂറിസം സാധ്യതയുടെ ഉപയോഗവും തൊഴിലവസര സൃഷ്ടിയും ഡിജിറ്റൽ ഉപയോഗത്തിന്റെ പരിഹാരവുമൊക്കെ

*പ്രതിഞ്ജാ ബന്ധതയോടെ മുന്നോട്ട് കൊണ്ടുപോകുന്നതിനോടൊപ്പം വയലാറിന്റെ സുസ്ഥിരവികസനവും നാം ലക്ഷ്യമിടുന്നു.*

*ഗ്രാമപഞ്ചായത്തിന് ലഭ്യമായ വിഭവങ്ങളുടെ പരിമിതികളിൽ നിന്നുകൊണ്ട് എല്ലാ മേഖലകളെയും ഉൾക്കൊള്ളിച്ചുകൊണ്ടുള്ള ഒരു ബജറ്റാണ് തയ്യാറാക്കിയിട്ടുള്ളത്. പഞ്ചായത്ത് ഏറ്റെടുത്ത് നടപ്പിലാക്കാൻ പോകുന്ന പദ്ധതികളെ കുറിച്ച് പ്രസിഡന്റ് ആമുഖ പ്രസംഗത്തിൽ പരാമർശിച്ചു.കേന്ദ്ര സംസ്ഥാന ,സർക്കാരുകളിൽ നിന്നും ലഭ്യമാകുന്ന ഫണ്ടുകളും തനത് വരുമാനവും കൂടിചേർന്നതാണ് നമ്മുടെ വിഭവ സ്രോതസ്സ്. ബജറ്റിന്റെ വിഭവ ശ്രോതസ്സുകളുടെയും ചെലവുകളുടെയും സംക്ഷിപ്തം ബജറ്റ് സ്റ്റേറ്റ്മെന്റിൽ ലഭ്യമാക്കിയിട്ടുണ്ട്.*

***വീടില്ലാത്ത മുഴുവൻ പേർക്കും വീടും ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും***

*ഭവനരഹിതരായ മുഴുവൻ പേർക്കും ലൈഫ് ഭവന പദ്ധതിയിലൂടെ എല്ലാവർക്കും വീട് നൽകികൊണ്ട് ഒരു മനുഷ്യന്റെ വീട് എന്ന സ്വപ്നം സാക്ഷാത്കരിക്കും. ഭൂമിയും വീടും ഇല്ലാത്തവർക്ക് ഭൂമിയും വീടും നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***സമ്പൂർണ്ണ കാർഷിക ഗ്രാമം***

*വയലാർ സമ്പൂർണ്ണ കാർഷിക ഗ്രാമമാകുന്നതിന് വേണ്ട നടപടി സ്വീകരിക്കും. അടിസ്ഥാന സൗകര്യ വികസനത്തിലൂടെ നെൽകൃഷി പുനരാരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കുന്നതിന് ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തും.*

***റെഡ്ലേഡി പപ്പായ ഗ്രാമം***

*എല്ലാ വീടുകളിലും റെഡ്ലേഡി പപ്പായ കൃഷി ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***കുണ്ടത്തി കടവ് വല്ലേതുരുത്ത് തൂക്കുപാലം***

*വല്ലേതുരുത്ത് നിവാസികൾക്ക് വയലാറിൽ എത്തി ചേരുന്നതിന് കടത്ത് വള്ളത്തെയാണ് ആശ്രയിച്ചുകൊണ്ടിരിക്കുന്നത് വയലാറിലേക്ക് വരുവാനും പോകുന്നതിനും വളരെ പ്രയാസമാണ്വല്ലേതുരുത്ത് ജനത അനുഭവിച്ചുകൊണ്ടിരിക്കുന്നത്.വല്ലേതുരുത്ത് ജനതയുടെ യാത്ര സൗകര്യം മെച്ചപ്പെടുത്തുന്നതിന് കുണ്ടത്തികടവ് വല്ലേതുരുത്ത് പാലം പാലം നിർമ്മിക്കുന്നതിന് വേണ്ടി പരിശ്രമിക്കും.*

***റോഡ് സൈഡ് ക്ലീനിംഗ്***

*റോഡ് സൈഡിന്റെ ഇരുഭാഗവും ക്ലീനിംഗ് നടത്തി മനോഹരമായ പൂന്തോട്ടവും വിശ്രമ കേന്ദ്രവും ഉണ്ടാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***പട്ടികജാതി ഉന്നതികളുടെ സമഗ്ര വികസനം***

*പട്ടികജാതി ഉന്നതികളുടെ വികസനം ലക്ഷ്യമിട്ട് വിവിധ പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കും.*

***ഐ.റ്റി.ഐ നിർമ്മാണം***

*കളവംകോടം ഐറ്റിഐ ക്ക് ഗ്രാമപഞ്ചായത്ത് വാങ്ങിനൽകിയിട്ടുള്ള സ്ഥലത്ത് ഐറ്റിഐ നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***ഒരു വാർഡിൽ ഒരു സംരംഭം***

*ഗ്രാമീണ സംരംഭത്തെ പ്രോത്സാഹിപ്പിക്കുന്നതിനും ഗ്രാമീണ ഉല്പന്നം ഉൽപാദിപ്പിക്കാനും , തൊഴിൽ നൽകാനും വരുമാനം ഉണ്ടാക്കുന്നതിനും ഒരു വാർഡിൽ ഒരു സംരംഭം ആരംഭിക്കും.*

***കയർ തൊഴിലാളികൾക്ക് ധനസഹായം***

*കയർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ അംഗങ്ങളായ കയർ തൊഴിലാളികൾക്ക് സഹായം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***കയർ സൊസൈറ്റികൾക്ക് ധനസഹായം***

*സർക്കാർ മാനദണ്ഡങ്ങൾക്ക് വിധേയമായി ഗ്രാമീണ കയർ സൊസൈറ്റികൾക്ക് സഹായം നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***സമ്പൂർണ പ്രകാശിനി ഗ്രാമം***

*ഒരു വാർഡിൽ ഒരു High mass light സ്ഥാപിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. തെരുവുവിളക്കുകൾ കേടായ ഇടങ്ങളിൽ സ്ഥാപിക്കുന്നതിന് പ്രത്യേക പാക്കേജ് സംവിധാനം ഉണ്ടാക്കും.*

***വയലാർ നോർത്ത് എൽപിഎസ്***

*സ്മാർട്ട് ക്ലാസ്റൂം എസി ആക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. സ്ക്കൂളിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തും.*

***ഗ്രാമീണ റോഡുകളുടെ പുനരുദ്ധാരണം***

*പശ്ചാത്തല സൗകര്യ വികസനത്തിന് വേണ്ട നടപടി സ്വീകരിക്കണം. എംഎൽഎ ,ഹാർബർ എൻജിനീയറിംഗ് ഫണ്ട്, എംപി ഫണ്ട് ,തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ ഫണ്ട് എന്നിവയിലൂടെ ഗ്രാമീണ റോഡുകൾ നന്നാക്കുന്നതിനും പുതിയ റോഡ് ആരംഭിക്കുന്നതിനുംം വേണ്ട നടപടി സ്വീകരിക്കും.*

***<u>വയലാർ കവല -പള്ളിപ്പുറം പാലം റോഡ് നവീകരണം</u>***

*വയലാർ കവലയും ഇൻഫോപാർക്കുമായി ബന്ധിപ്പിക്കുന്ന നാഗംകുളങ്ങര കടവ് പാലവും റോഡ് വികസനവും നടപ്പിലാക്കുന്നതിന് വേണ്ട നടപടിയും സ്വീകരിക്കും.*

***<u>പഞ്ചായത്ത് ഓഫീസ് മെച്ചപ്പെടുത്തൽ</u>***

*ഗ്രാമപഞ്ചായത്ത് വാട്ടർ അതോററ്റിക്ക് വിട്ടുകൊടുത്ത സ്ഥലം വീണ്ടെടുത്ത് പഞ്ചായത്ത് ഓഫീസിന്റെ അടിസ്ഥാന സൗകര്യം മെച്ചപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.*

***<u>പകൽ വീട്</u>***

*പകൽ വീടിന്റെ പ്രവർത്തനം വിപുലപ്പെടുത്തി വയോജനങ്ങളുടെ കൂട്ടായ്മ ശക്തിപ്പെടുത്തും. വയോജനങ്ങളെ കൊണ്ട് വരുന്നതിനും കൊണ്ട് പോകുന്നതിനും പ്രത്യേക വാഹന സംവിധാനം ഏർപ്പെടുത്തും.*

***<u>അത്തച്ചമയ ഘോഷയാത്ര</u>***

*ഓണനാളുകളിൽ അത്തച്ചമയ ഘോഷയാത്ര സംഘടിപ്പിക്കും.*

***<u>ഗ്രാമവസന്തം</u>***

*സസ്യലതാതികളും പുഷ്പങ്ങളും നിറഞ്ഞ ഒരു ഗ്രാമവസന്തം എല്ലാ വാർഡിലും സൃഷ്ടിക്കുന്നതിനു വേണ്ട നടപടി കുടുംബശ്രീയിലൂടെ നടത്തും.*

***<u>പാലിയേറ്റീവ് കെയർ</u>***

*പാലിയേറ്റീവ് കെയർ പ്രവർത്തനം കാര്യക്ഷമമാക്കും. കിടപ്പു രോഗികൾക്കും രോഗം മൂലം കഷ്ടത അനുഭവിക്കുന്നവർക്കും വേണ്ടി പ്രത്യേക പാക്കേജ് ഉണ്ടാക്കും. ആവശ്യമായ ഉപകരണങ്ങൾ വാങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കും. ഡോക്ടർമാരെ ഉപയോഗിച്ച് ഗൃഹകേന്ദ്രീകൃത പ്രവർത്തനം കാര്യക്ഷമമാക്കും.*

***<u>സംഗീത അക്കാഡമി</u>***

*വിവിധ തരത്തിലുള്ള കലാകാരൻവരെ പ്രോത്സാഹിപ്പിക്കുന്നതിനു വേണ്ടി പഞ്ചായത്ത് അടിസ്ഥാനത്തിൽ സംഗീത അക്കാഡമി ആരംഭിക്കുന്നതിനുവേണ്ട നടപടി സ്വീകരിക്കും. സംഗീത മഴ സൃഷ്ടിക്കുന്നതിനു വേണ്ട നടപടി സംഗീത അക്കാഡമിയിലൂടെ നടപ്പിലാക്കും.*

***<u>ജോബ്ഫെയർ</u>***

*വിവിധ തരത്തിലുള്ള കമ്പിനികളെ ഉപയോഗിച്ച് ഉദ്യോഗാർത്ഥികൾക്ക് തൊഴിൽ ലഭിക്കുന്നതിന് ജോബ് ഫെയർ പ്രത്യേകം സംഘടിപ്പിക്കും. തൊഴിൽ ബാങ്ക് ഉണ്ടാകും.*

***<u>സോളാർ</u>***

*പഞ്ചായത്തിലും ഘടക സ്ഥാപനത്തിലും സോളാർ സ്ഥാപിക്കുന്നതിന് വേണ്ട നടപടി കൾ സ്വീകരിക്കം.*

*വീടുകളിലും കടകളിലും സോളാർ സ്ഥാപിക്കുന്നതിനെ പ്രോത്സാഹിപ്പിക്കും.*

***<u>ഒരു വാർഡിൽ ഒരു പൂന്തോട്ടം</u>***

*ഒരു വാർഡിൽ ഒരു പൂന്തോട്ടം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***<u>രോഗ വ്യാപനത്തിനെതിരെ ജനകീയ പ്രതിരോധം</u>***

*_മഴക്കാല പൂർവ്വ രോഗ പ്രതിരോധ പ്രവർത്തം ശക്തമാക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും. മാസത്തിൽ ഒരു ദിവസം എല്ലാ വാർഡിലും ക്ലീനിംഗ് പ്രവർത്തനം സമ്പൂർണമായി നടപ്പിലാക്കും.*

***<u>ആധുനീക കോൺഫറൻസ് ഹാൾ</u>***

*ആധുനീക കാലത്തിനൊത്ത് ഓൺലൈൻ ക്ലാസ് അടക്കം നടത്തുന്നതിന് നവീകരിച്ച കോൺഫറൻസ് ഹാൾ നിർമ്മിക്കും.*

***<u>ടർഫ് കളിക്കളം</u>***

*കുട്ടികൾക്കും മുതിർന്നവർക്കും കളിക്കുന്നതിന് വേണ്ടി ടർഫ് നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും , ടർഫ് നിർമ്മിക്കുന്നതിന് പ്രത്യേക സ്ഥലം കണ്ടെത്തും.*

***<u>സിന്തറ്റിക് ബാഡ്മിന്റൺ കോർട്ട്</u>***

*ബാഡ്മിന്റൺ സിന്തറ്റിക് കോർട്ട് നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***<u>ആധുനീക ഓപ്പൺ ജിം</u>***

*ആരോഗ്യത്തെ സംരക്ഷിക്കാനും രോഗപ്രതിരോധത്തിനും ശക്തിപ്പെടുത്തുന്നതിനും ആധുനീക ഓപ്പൺ ജിംനേഷ്യം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***<u>ജലഘോഷയാത്ര</u>***

*കായൽ കൊണ്ട് സമ്പന്നമായ വയലാറിൽ ജലഘോഷയാത്ര സംഘടിപ്പിക്കും.*

***<u>യോഗ</u>***

*രോഗപ്രതിരോധം ,ആരോഗ്യം എന്നിവ സംരക്ഷിക്കുന്നതിന് യോഗ ആരംഭിക്കും.*

**ഹെൽപ്ഡെസ്ക്**

*കുടുംബശ്രീയെ ഉപയേഗിച്ച് ജനങ്ങളെ സഹായിക്കുന്നതിന് ഹെൽപ് ഡെസ്ക് ആരംഭിക്കും.*

**മരത്തണൽ ( കോഫിഷോപ്പ് )**

*ഗ്രാമപഞ്ചായത്ത് കേന്ദ്രത്തിൽ മരത്തണൽ ആരംഭിക്കും.*

**കായലും തോടും ആഴംകൂട്ടൽ**

*വെള്ളപ്പൊക്കം തടയുന്നതിനും വേലിയേറ്റം തടയുന്നതിനും കായലുകളും തോടുകളും നവീകരിക്കും. അതിന് പ്രത്യേക പദ്ധതികൾ ഏറ്റെടുത്ത് വെള്ളകെടുതിയിൽ നിന്ന് ജനങ്ങളെ രക്ഷിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

**സമ്പൂർണ്ണ കുടിവെള്ള പദ്ധതി**

*ജൽജീവൻ പദ്ധതിയിലൂടെ ഗ്രാമപ്രദേശത്തെ മുഴുവൻ വീടുകളിലും വെള്ളം എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിച്ചു കഴിഞ്ഞു. സമ്പൂർണ്ണ കുടിവെള്ള പദ്ധതി നാം നടപ്പിലാക്കി. ജപ്പാൻ പൈപ്പും  പൊട്ടി ജലക്ഷാമം ഉണ്ടാകുന്ന അവസരത്തിൽ ജലം എല്ലാ പ്രദേശത്തും എത്തിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

**ആയുർവ്വേദം ,സിദ്ധ ,ഹോമിയോ**

*ആയുർവ്വേദം ,സിദ്ധ ,ഹോമിയോ എന്നിവയുടെ പ്രവർത്തനം കാര്യക്ഷമമാക്കും.*

*ഹോമിയോ ആശുപത്രിക്ക് സ്ഥലം കണ്ടെത്തി കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

**മൃഗാശുപത്രി**

*ഗ്രാമപഞ്ചായത്തിന്റെ പകൽ വീടിനോട് അടുത്ത സ്ഥലത്ത് മൃഗാശുപത്രി നിർമ്മിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

**നവംബർ ഒന്ന് കേരളീയം**

*കേരള പിറവി ദിനം വിവിധ ആഘോഷ പരിപാടികളോട് കൂടി സംഘടിപ്പിക്കും.*

**വയോജന സൗഹൃദം**

*വയോപാർക്ക് നിർമമിക്കാൻ നടപടി സ്വീകരിക്കും.വയോജന കലോത്സവം സംഘടിപ്പിക്കും.വയോഗ്രാമസഭ പ്രത്യേകംചേരും.വാർഡ് അടിസ്ഥാനത്തിൽ വയോജനങ്ങളുടെ കൂട്ടായ്മ സംഘടിപ്പിക്കും.*

***<u>അംഗനവാടി</u>***

*അംഗനവാടി കലോത്സവം സംഘടിപ്പിക്കും.അംഗനവാടികൾ സ്മാർട്ട് ആക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.അംഗനവാടികൾ AC ആക്കുന്നതിന് വേണ്ട നടപടി കൈക്കൊള്ളും.വല്ലേതുരുത്ത് അംഗനവാടിക്ക് സ്ഥലവും കെട്ടിടവും.*

***<u>ബഡ്സ് സ്ക്കൂൾ</u>***

*ഭിന്നശേഷി കുട്ടികൾക്ക് ബഡ്സ് സ്ക്കൂൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.സംരംഭം ആരംഭിക്കുന്നതിന് നടപടി സ്വീകരിക്കും.*

***<u>വനിത സൗഹൃദ പദ്ധതി</u>***

*വനിതകൾക്കായി പ്രത്യേക പദ്ധതി ആരംഭിക്കും.ഒരു വാർഡിൽ ഒരു സംരംഭം ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***<u>വ്യവസായത്തിന് ഫ്രീ എൻട്രി</u>***

*വ്യവസായ സൗഹൃദ വയലാർ ആക്കി മാറ്റുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***<u>പുസ്തക വണ്ടി</u>***

*ഗ്രാമീണ മേഖലയിൽ വായനാശീലം വർദ്ധിപ്പിക്കുന്നതിന് വേണ്ടി പുസ്തക വണ്ടി നടപ്പിലാക്കും.*

***<u>സമ്പൂർണ്ണ പിഎസ് സി കോച്ചിങ് ഗ്രാമം</u>***

*ഒരു വീട്ടിൽ ഒരാൾക്ക് തൊഴിൽ ലഭിക്കുന്നതിന് സമ്പൂർണ്ണ പിഎസ്സി കോച്ചിങ് ആരംഭിക്കും.*

***<u>ഗ്രന്ഥശാലകൾക്ക് ലാപ്ടോപ്പ്</u>***

*അഫിലിയേറ്റ് ചെയ്ത എല്ലാ ഗ്രന്ഥശാലകൾക്കും ലാപ്ടോപ്പ് നൽകും.*

***<u>വയലാറിൽ കേരള ഗവൺമെന്റിന്റെ ഇടപെടൽ</u>***

*വയലാർ കവലയും പള്ളിപ്പുറം ഇൻഫോപാർക്കുമായി ബന്ധിപ്പിക്കുന്ന പാലം റോഡ് എന്നിവ നിർമ്മിക്കുന്നതിന് ഗവൺമെന്റ് 94 കോടി രൂപ അനുവദിച്ചു ഭരണാനുമതി ലഭിച്ചുകഴിഞ്ഞു.*

*മുട്ടം ബസാർ-എട്ടുപുരയ്ക്കൽ പാലം റോഡ് നവീകരണത്തിന് 22 കോടി രൂപ അനുവദിച്ചു.*

*കെഎൽഡിസി-നെൽകൃഷിയുടെ അടിസ്ഥാന വികസനത്തിന് 8 കോടിരൂപ അനുവദിച്ച് പ്രാഥമിക പ്രവർത്തനം നടത്തിവരുന്നു. കൃഷി ഭവൻ സ്മാർട്ട് ആക്കുന്നു.*

*ഹാർബർ എൻജിനീയറിംഗ് ഫണ്ട് ഉപയോഗിച്ചും മറ്റ് ഫണ്ടുകൾ ഉപയോഗിച്ചും ധാരാളം വികസന പ്രവർത്തനങ്ങൾ ഗവൺമെന്റെ ഇടപെടലും സഹായവും കൊണ്ട് നടന്ന് വരുന്നു.*

*ഇവയെല്ലാം പൂർത്തീകരിച്ച് ഒരു നവീന വയലാർ സൃഷ്ടിക്കുന്നതിന് വേണ്ട എല്ലാ പ്രവർത്തനവും നടത്തും.*

***ആധുനീക മാർക്കറ്റ്***

*കാലഘട്ടത്തിന്റെ മാറ്റത്തിന് അനുസരിച്ച് മാർക്കറ്റ് നവീകരിക്കും.*

***സമ്പൂർണ്ണ കറിവേപ്പില ഗ്രാമം***

*വിഷരഹിത കറിവേപ്പില ഗ്രാമം ആക്കിമാറ്റുന്നതിന് മുഴുവൻ വീടുകളിലും കറിവേപ്പില കൃഷി വ്യാപിപ്പിക്കും.*

***ഹരിതകർമ്മസേന***

*ഹരിതകർമ്മസേനയുടെ പ്രവർത്തനം നവീകരിക്കും അനുബന്ധസംരംഭം ആരംഭിച്ച് വരുമാനം വർദ്ധിപ്പിക്കും , വലിയ വാഹനം വാങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കും., യൂണീഫോം നൽകും , സുരക്ഷ ഉപകരണങ്ങൾ വാങ്ങും. ഇലക്ട്രിക്ക് ട്രോളി വാങ്ങുന്ന തിന് ബജറ്റിൽ തുക നീക്കിവയ്ക്കുന്നു.മാലിന്യം വേർതിരിക്കുന്ന പ്രവർത്തനം സുഗമ മാക്കുന്നതിന് കൺവെയർ ബൽറ്റ് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കും.*

***വയലാർ ടൂറിസം***

*കായലോര ടൂറിസം വ്യാപിപ്പിക്കുന്നതിന് വേണ്ട നടപടികൾ സ്വീകരിക്കും.*

***പരാതിപരിഹാര അദാലത്ത്***

*എല്ലാ മാസവും 5-ാം തീയതി പൊതുജനങ്ങളുടെ പരാതിപരിഹരിക്കുന്നതിന് അദാ ലത്ത് സംഘടിപ്പിക്കും.*

***വിഭവ സമാഹരണം***

*വികസനത്തിന് വിഭവ സമാഹരണം അത്യന്തപേക്ഷിതമാണ്.വിഭവ സമാഹരണത്തി ലൂടെ കൂടുതൽ വികസനം നടപ്പിലാക്കും.*

***പൊതുസ്മശാനം***

*വയലാർഗ്രാമം കൂടുതൽ പ്രദേശവും വെള്ളത്താൽ ചുറ്റപ്പെട്ടതും മഴവെള്ളക്കെടുതി അനുഭവിക്കേണ്ടി വരുന്ന പ്രദേശവും ആണ്. പലർക്കും ഭൂമിയുടെ വിസ്ത്രീർണ്ണം കുറ വാണ്. വെള്ളക്കെടുതി കൂടുതൽ അനുഭവപ്പെടുന്ന സമയങ്ങളിൽ മൃതശരീരം സംസ്ക രിക്കുന്നതിന് വളരെ പ്രയാസം അനുഭവപ്പെടുകയാണ്. ആകയാൽ ഒരു പോതുസ്മ*

*ശാനം നിർമ്മിക്കേണ്ടത് അത്യന്താപേക്ഷിതമാണ്. ആകയാൽ അതിനാവശ്യമായ സംവി ധാനം ഏർപ്പെടുത്തും.ഭൂമി വാങ്ങുന്നതിന് വേണ്ട നടപടി സ്വീകരിക്കും.*

***ഓപ്പൺ ജിംനേഷ്യം***

*ആധുനീക കാലഘട്ടത്തിൽ രോഗമുക്തി നേടുന്നതിനും ആരോഗ്യം സംരക്ഷിക്കുന്ന തിനും ഒരു ജിംനേഷ്യം അത്യന്താപേക്ഷിതമാണ്.*

***പട്ടികൾക്കൊരു ഷെൽറ്റർ***

*അലഞ്ഞുതിരിഞ്ഞ് നടക്കുന്ന നായ്ക്കൾക്ക് വേണ്ടി സ്ഥലമെടുത്ത് ഷെൽറ്റർ ആരംഭി ക്കും.*

***നീന്തൽ പരിശീലനം***

*അപകടങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് കുട്ടികൾക്ക് പ്രത്യേക നീന്തൽ പരിശീലനം നടത്തും.*

***ഒരു വാർഡിൽ ഒരുമാസം ഒരു സെമിനാർ***

*വിവിധ വിഷയങ്ങളെ അധികരിച്ച് 17 വാർഡുകളിലും ഒരു വാർഡിൽ ഒരു മാസം ഒരു സെമിനാർ സംഘടിപ്പിക്കും*

***പ്രഥമ ശിശ്രൂഷ ക്ലാസ്***

*പെട്ടന്നുണ്ടാകുന്ന അപകടങ്ങളിൽ നിന്ന് രക്ഷനേടുന്നതിന് സ്വീകരിക്കേണ്ട മുൻകരുത ലുകളെ കുറിച്ച് ജനങ്ങളിൽ അവബോധം സൃഷ്ടിക്കുന്നതിന് പ്രഥമ ശിശ്രൂഷക്ലാസ്സ് സംഘടിപ്പിക്കും.*

***കുടുംബശ്രീ***

*കുടുംബശ്രീ പ്രവർത്തനം ശക്തിപ്പെടുത്തും.കൂടുതൽ സംരംഭങ്ങൾ ആരംഭിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.കുടുംബശ്രീയെ ജനകീയവത്കരിക്കുന്നതിന് വേണ്ട നട പടി സ്വീകരിക്കും. ചർച്ച ക്ലാസുകൾ സെമിനാറുകൾ,വയോജനങ്ങളുടെ കൂട്ടായ്മ എന്നിവ സംഘടിപ്പിക്കും.കുടുംബശ്രീക്ക് നൂതന ഓഫീസ് നിർമ്മിക്കും.*

***വയലാർ ഫെസ്റ്റ്***

*വയലാർ നാഗംകുളങ്ങര കടവ് കേന്ദ്രീകരിച്ച് വിവധ തരത്തിലുള്ള പരിപാടികളോടെ വയലാർ ഫെസ്റ്റ് സംഘടിപ്പിക്കും.*

***തൊഴിലുറപ്പ്***

*ഗ്രാമീണമേഖലകളിൽ കൂടുതൽ തൊഴിലും തൊഴിലവസരവും സൃഷ്ടിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും മെറ്റീരിയൽ വർക്കുകൾ കൂടുതൽ നടത്തുന്നതിനായി പരി ശ്രമിക്കും.*

**ലൈബ്രറി**

പഞ്ചായത്തിന്റെ കീഴിലുള്ള ലൈബ്രറികളുടെ പ്രവർത്തനം ശക്തിപ്പെടുത്തും. വിവിധതരത്തിലുള്ള സെമിനാറുകൾ സംഘടിപ്പിക്കും. ലൈബ്രറി ഓഫീസ് പുനരുദ്ധരിച്ച് ആധുനീക വത്കരണത്തിന് വേണ്ട നടപടി സ്വീകരിക്കും.

**ഫ്രണ്ട് ഓഫീസ്**

ഫ്രണ്ട് ഓഫീസ് ആധുനീക കാലഘട്ടത്തിന് അനുസരിച്ച് ചിട്ടപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കും.

**മാലിന്യ സംസ്കരണം**

ടോയ്ലറ്റ് മെയിന്റനൻസ്,ടോയ്ലറ്റ് നിർമ്മാണം തുടങ്ങിയ പദ്ധതി നടത്തി വരുന്നു.പ്ലാസ്റ്റിക് മാലിന്യം നിർമ്മാർജ്ജനം ചെയ്യുന്നതിന് നടപടി സ്വീകരിച്ചുവരുന്നു.മുഴുവൻ വീടുകളിലും ബയോബിൻ നൽകുന്ന പദ്ധതി നാം ഏറ്റെടുത്തു.ഹരിതകർമ്മ സേന മാലിന്യ സംസ്കരണത്തിന് നേതൃത്വം നൽകുന്നു.രണ്ട് എംസിഎഫും 48 മിനി എംസിഎഫും ഉണ്ട്. അംഗങ്ങൾക്ക് യൂണീഫോം,ട്രോളി വാഹനം എന്നിവ ഉണ്ട്.എല്ലാ വർഷവും ഹരിതകർമ്മസേന അംഗങ്ങൾക്ക് യൂണീഫോം ഓണം ബോണസ് എന്നിവ നൽകുന്നതിന് വേണ്ട നടപടി സ്വീകരിക്കും.ദ്രവമാലിന്യ സംസ്കരണത്തിന് എസ്.റ്റി.പി സ്ഥാപിക്കും. ഹരിതകർമ്മസേന അംഗങ്ങൾക്ക് തൊഴിലിനോടൊപ്പം വരുമാനം വർദ്ധിപ്പിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.ഹരിതകർമ്മസേന അംഗങ്ങളുടെ പ്രവർത്തനം ജനകീയ വത്കരിക്കും.സിസിടിവി സ്ഥാപിക്കും.

**റിവ്യൂമിറർ**

അപകടങ്ങൾ ഒഴിവാക്കുന്നതിന് റിവ്യൂമിറർ സ്ഥാപിക്കും.

**ടേക്ക് എബ്രേക്ക്**

പൊതുസ്ഥലം കണ്ടെത്തി ജനങ്ങൾക്ക് വേണ്ടി ടേക്ക് എ ബ്രേക്ക് പദ്ധതി നടപ്പിലാക്കും.

**വനിതകൾക്ക് പ്രത്യേക പദ്ധതി**

വനിതകളുടെ ഐശ്വര്യത്തിനും പുരോഗതിക്കും വേണ്ടി പ്രവർത്തനം. വരുമാന വർദ്ധക പദ്ധതികൾ നടപ്പിലാക്കുന്നതിന് വേണ്ട സഹായം നൽകും.ഗ്രൂപ്പ് സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കും.

**മത്സ്യമേഖല**

ഗ്രാമീണ ജനതയുടെ ഉണർത്തുപ്പാട്ട് വയലാർ കായലാണ്. കായലിൽ നിന്ന് ശേഖരിക്കുന്ന മത്സ്യവും കക്കയും കൊണ്ട് ജീവിതം ഇഴചേർന്നവരാണ് മത്സ്യതൊഴിലാളികൾ. അവരുടെ ജീവിതത്തിന് ആശ്വാസം നൽകാൻ കഴിയുന്ന പദ്ധതികൾ ചെയ്യാൻ നമ്മുക്ക് കഴിയണം. മത്സ്യ തൊഴിലാളികളുടെ മക്കൾക്ക്

ലാപ്ടോപ്പ് , ഫർണീച്ചർ എന്നിവ നൽകുന്നു. മത്സ്യതൊഴിലാളികൾക്ക് വള്ളവും വലയും , ഐസ് ബോക്സ് , ടൂവിലർ , ഭവന പദ്ധതി എന്നിവ നൽകുന്നു.

മത്സ്യ കൃഷിയുടെ സാധ്യതകൾ വളരെ വലുതാണ്. ജലാശയങ്ങളിൽ മത്സ്യം നിക്ഷേപിക്കുന്ന പദ്ധതികൾ ഏറ്റെടുക്കും. തണ്ണീർതടങ്ങളും കുളങ്ങളിലും മത്സ്യകൃഷി നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കും.

**ആരോഗ്യമേഖല**

വയലാറിലെ ജനങ്ങളുടെ ആരോഗ്യസംരക്ഷിക്കുന്നതിന് വേണ്ടി കുടുംബാരോഗ്യ കേന്ദ്രം പ്രവർത്തിക്കുന്നു. കുടുംബാരോഗ്യ കേന്ദ്രത്തിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കും.എക്സ്റേ ,ആംബുലൻസ് തുടങ്ങിയവ നടപ്പിൽ വരുത്തുന്നതിന് പരിശ്രമിക്കും.

വയലാർ,കൊല്ലപ്പള്ളി എന്നീ സബ് സെന്ററുകൾക്ക് സ്ഥലം വാങ്ങി ,കെട്ടിടം നിർമ്മിക്കുന്നതിന് നടപടി സ്വീകരിക്കും.

ആയുർവ്വേദം, സിദ്ധ ,ഹോമിയോ എന്നീ ഡിസ്പെൻസറിയുടെ പ്രവർത്തനം ശക്തിപ്പെടുത്തുന്നതിന് നടപടി സ്വീകരിക്കും.

മൃഗാശുപത്രിക്ക് കെട്ടിടം നിർമ്മിക്കുന്നതിന് വേണ്ടി ഗവൺമെന്റിൽ സമ്മർദ്ദം ചെലുത്തും.കെട്ടിം നിർമ്മിക്കുന്നതിന് നടപടി സ്വീകരിച്ചു വരുന്നു.

**ജൈവവൈവിദ്ധ്യം**

പ്രകൃതിയുടെ സന്തുലിതാവസ്ഥ നിലനിർത്തുന്നതിന് ആവശ്യമായ പ്രവർത്തനം നടത്തുന്നതിന് വേണ്ട നടപടി സ്വീകരിക്കും.കണ്ടൽ തൈകളുടെ പരിശീലനം പോലെ കാവുകളുടെ സംരക്ഷണവും ഔഷധ-ഫലവൃക്ഷതൈകൾ ലഭ്യമാക്കി നല്ല ഒരു ഗ്രാമീണ ആരോഗ്യദായക അന്തരീക്ഷം നിലനിർത്തുവാൻ പദ്ധതി ലക്ഷ്യമിടുന്നു.സാമൂഹ്യ വനവത്കരണ പരിപാടിയിലൂടെയും കാർബൺ ന്യൂട്രികരണത്തിലൂടെയും കാവുകളുടെ സംരക്ഷണത്തിലൂടെയും വയലാറിൽ ശുദ്ധവായുവിന്റെ അളവ് നിലനിർത്തുക. വേലിയേറ്റം മൂലം കഷ്ടതയനുഭവിക്കുന്ന തീരദേശവാസികൾക്ക് പരിസ്ഥിതി സൗഹൃദ സംരക്ഷണം നൽകും.ഔഷധ ഫലവൃക്ഷങ്ങളും കണ്ടൽചെടികളും വച്ച് പിടിപ്പിക്കും. കുളങ്ങളും കാവുകളും സംരക്ഷിക്കുന്നതിന് വേണ്ട നടപടി സ്വീകരിക്കും.

**അഗതികൾക്ക് സൗജന്യ ഭക്ഷണം**

പട്ടിണി മാറ്റുക , ദാരിദ്രം അകറ്റുക എന്ന ലക്ഷ്യം മുൻനിർത്തു അഗതികൾക്ക് സൗജന്യ ഭക്ഷണം നൽകുന്നത് വേഗത്തിൽ നടപ്പിലാക്കും

## വിവിധ ക്ഷേമപെൻഷനുകൾ

വയലാർ ഗ്രാമപഞ്ചായത്തിൽ നിന്നും നിലവിൽ ക്ഷേമപെൻഷൻ കൈപ്പറ്റുന്ന ഗുണഭക്താക്കൾ

1. വാർദ്ധക്യകാല പെൻഷൻ – 2746
2. കർഷക തൊഴിലാളി പെൻഷൻ – 88
3. വിധവാ പെൻഷൻ – 722
4. അഗതി പെൻഷൻ – 96
5. വികലാംഗ പെൻഷൻ – 285

ആകെ – 3937

ഇത്രയും ഗുണഭോക്താക്കൾക്ക് പെൻഷൻ നൽകുന്നതിന് 111800000/- രൂപ ആവശ്യമുണ്ട്.

## സ്ത്രീ-സുരക്ഷ പെൻഷൻ

ജനക്ഷേമ പ്രവർത്തനത്തിന് മാതൃകയായി സ്ത്രീ സുരക്ഷാ പെൻഷൻ. സാമൂഹ്യ ക്ഷേമ പദ്ധതികളിൽ ഗുണഭോക്താവല്ലാത്ത ട്രാൻസ് വുമൺ അടക്കം പാവപ്പെട്ട കുടും ബങ്ങളിലെ സ്ത്രീകൾക്ക് എല്ലാമാസവും 1000/- രൂപ വീതം 1510 ഗുണഭോക്താ ക്കൾക്ക് സ്ത്രീ സുരക്ഷാ പെൻഷൻ ലഭിക്കും.

## വിഭവ സമാഹരണം

വികസന - ക്ഷേമപദ്ധതികൾ കാര്യക്ഷമമായി നടപ്പിലാക്കാൻ വിഭവ സമാഹരണം കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ട്. പരിമിതമായ വിഭവങ്ങൾക്കുള്ളിൽ നിന്നുകൊണ്ടാണ് നാം ബജറ്റ് തയ്യാറാക്കിയിട്ടുള്ളത്.

| | |
|---|---|
| വികസന ഫണ്ട് (ജനറൽ ) | - 29,70,00,00 /- |
| വികസന ഫണ്ട് ( എസ് സി പി ) | - 68,20,000 /- |
| വികസന ഫണ്ട് ( റ്റി എസ് പി ) | - 12,10,00 /- |
| ധനകാര്യ കമ്മീക്ഷൻ ( ബേസിക് ഗ്രാന്റ്) | - 5869282/- |
| ധനകാര്യ കമ്മീക്ഷൻ ( ടൈഡ് ഗ്രാന്റ്) | - 11921260/- |
| മെയിന്റനൻസ് ഗ്രാന്റ് ( റോഡിതരം ) | - 7277000/- |
| മെയിന്റനൻസ് ഗ്രാന്റ് ( റോഡ് ) | - 13179000/- |
| പൊതു ആവശ്യഫണ്ട് | - 21000000/- |

എന്നിങ്ങനെയാണ് സംസ്ഥാന ബജറ്റിൽ നമ്മുക്ക് തുക നീക്കിവെച്ചിട്ടുള്ളത്.

| | |
|---|---|
| നികുതി വരവ് | - 14312000/- |
| നികുതി ഇതര ഇനങ്ങളിലെ വരവ് | - 3446000 /- |

സാമൂഹ്യ സുരക്ഷിതത്വ പെൻഷനുകൾ സംസ്ഥാന വിഹിതം -111800000/-

ലൈഫ് ഭവന നിർമ്മാണം വായ്പ -30000000/-
ലൈഫ് ഭവന സംസ്ഥാന വിഹിതം - 25000000/-

മഹാത്മ ഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി കേന്ദ്ര വിഹിതം 6.5 കോടി തുടങ്ങിയ ഇനങ്ങളിൽ ബജറ്റ് വർഷെ വരവ് പ്രതീക്ഷിക്കുന്നു.

**വിശദമായ വരവ് – ചെലവ് കണക്കുകൾ അവതരിപ്പിക്കുന്നു.**
**തനത് വരുമാനം**

**മുൻ വർഷത്തെ നീക്കി ബാക്കി** **2299867/-**

**നികുതി വരവുകൾ**

| ക്രം.സം. | ഇനം | തുക |
|---|---|---|
| 1 | വസ്തുനികുതി | 8700000 |
| 2 | തൊഴിൽ നികുതി | 2000000 |
| 3 | വിനോദ നികുതി | 3600000 |
| 4 | മറ്റ് നികുതി | 12000 |
| | **നികുതി വരവ് ആകെ** | **14312000** |

**നികുതിയിതര വരവുകൾ**

| | | |
|---|---|---|
| 1 | വാടക | 50000 |
| 2 | മറ്റ് വാടക | 210000 |
| 3 | പെർമിറ്റ് ഫീ | 1000000 |
| 4 | ലൈസൻസ് ഫീസ് | 270000 |
| 5 | ഫാറവിൽപ്പന | 39500 |
| 6 | ബാങ്ക് നിക്ഷേപത്തിൽ നിന്നും പലിശ | 900000 |
| 7 | രജിസ്ട്രേഷൻ ഫീ | 85000 |
| 8 | ജനന മരണ വിവാഹ സർട്ടിഫിക്കറ്റ് ഫീ | 41500 |
| 9 | ജീവനക്കാരിൽ നിന്നുള്ള റിക്കവറികൾ | 250000 |
| 10 | യൂസർ ചാർജ്ജ് | 210000 |

| | | |
|---|---|---|
| 11 | അഡ്മിനിസ്ട്രേറ്റീവ് ചാർജസ് | 50000 |
| 12 | മറ്റ് സർട്ടിഫിക്കറ്റുകൾ / പകർപ്പുകൾ | 100000 |
| 13 | പിഴപ്പലിശ | 30000 |
| 14 | സ്ക്രാപ്പ് വിൽപ്പന | 80000 |
| 15 | മറ്റ് വിൽപ്പന | 130000 |
| | **നികുതിയിതര വരവ് ആകെ** | **3446000** |
| | **ജനറൽ  പർപ്പസ് ഫണ്ട്** | **21000000** |

## <u>വികസന ഫണ്ട് വരവുകൾ</u>

| | | |
|---|---|---|
| 1 | പൊതുവിഭാഗം സാധാരണ വിഹിതം | 29700000 |
| 2 | പ്രത്യേക ഘടക പദ്ധതി (SCP) | 6820000 |
| 3 | പട്ടിക വർഗ്ഗ ഉപ പദ്ധതി ( TSP ) | 121000 |
| 4 | ധനകാര്യ കമ്മീഷൻ അവാർഡ് | 17790542 |
| **ആകെ വികസന ഫണ്ട് വരവുകൾ** | | **54431542** |

## മെയിന്റസനൻസ് ഫണ്ട് വരവുകൾ

| | | |
|---|---|---|
| 1 | മെയിന്റനൻസ് ഗ്രാന്റ് (നോൺ റോഡ്) | 7277000 |
| 2 | മെയിന്റനൻസ് ഗ്രാന്റ് (റോഡ്) | 13179000 |
| **ആകെ മെയിന്റനൻസ് ഫണ്ട്** | | **20456000** |
| | | |
| **കേന്ദ്രാവിഷ്കൃത പദ്ധതി വരവുകൾ** | | |
| 1 | ദേശീയ തൊഴിലുറപ്പ് പദ്ധതി വരവ് | 65000000 |
| 2 | ശുചിത്വ മിഷൻ  (സ്വച്ഛ ഭാരത് അഭിയാൻ) | 7500000 |
| 3 | ഐ സി ഡി എസ് സെന്റർ ഷെയർ | 3000000 |
| **കേന്ദ്രാവിഷ്കൃത പദ്ധതി വരവുകൾ ആകെ** | | **55500000** |

## സംസ്ഥാനാവിഷ്കൃത പദ്ധതി വരവുകൾ

| | | |
|---|---|---|
| 1 | ലൈഫ് ഭവന നിർമ്മാണം | 25000000 |
| 2 | ആശ്രയ പദ്ധതി | 200000 |

| | | |
|---|---|---|
| 3 | ലൈബ്രറി ഗ്രാന്റ് | 100000 |
| 4 | വിവധ സാമൂഹ്യക്ഷേമ പെൻഷനുകൾ | 111800000 |
| 5 | സാക്ഷരതാ മിഷൻ | 100000 |
| 6 | കേരളോത്സവം | 20000 |
| 7 | ശുചിത്വമിഷൻ | 2400000 |
| 8 | മറ്റ് ഗ്രാന്റുകൾ | 300000 |
| **സംസ്ഥാനാവിഷ്കൃത പദ്ധതി വരവുകൾ ആകെ** | | **139920000** |

**മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ള വരവുകൾ**

| | | |
|---|---|---|
| 1 | ആലപ്പുഴ ജില്ലാ പഞ്ചായത്ത് വിഹിതം | 5000000 |
| 2 | പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത് വിഹിതം | 5000000 |
| **മറ്റ് പഞ്ചായത്തുകളിൽ നിന്നുള്ള വരവുകൾ ആകെ** | | **10000000** |

**വായ്പ വരവുകൾ**

| | |
|---|---|
| **ഹഡ്കോ ലോൺ (ലൈഫ് ഭവന പദ്ധതി)** | **30000000** |
| **ഗുണഭോക്തൃ വിഹിതം** | **1000000** |
| **ദുരിതാശ്വാസ നിധി** | **200000** |
| **ആകെ** | **3,12,00,000** |

| | |
|---|---|
| **ആകെ വരവ്** | **35,02,65,542** |

**<u>ചെലവുകൾ</u>**

**ജീവനക്കാര്യത്തിലേക്കുള്ള ചെലവുകൾ**

| ക്രമ. സം. | ഇന വിവരം | |
|---|---|---|
| 1 | ശമ്പളം | 17000000 |
| 2 | കൂലി | 2200000 |
| 3 | ബോണസ് | 50000 |
| 4 | യാത്രാ ബത്ത | 350000 |

| | | |
|---|---|---|
| 5 | മറ്റ് ബത്തകൾ | 550000 |
| 6 | ജനപ്രതിനിധികൾക്കുള്ള ഹോണറേറിയം | 2000000 |
| 7 | ജനപ്രതിനിധികൾക്കുള്ള സിറ്റിങ് ഫീ | 200000 |
| 8 | ജനപ്രതിനിധികൾക്കുള്ള യാത്രാ ബത്ത | 200000 |
| 9 | പെൻഷൻ കോൺട്രിബ്യൂഷൻ | 1200000 |
| 10 | അവധി ശമ്പളം | 450000 |
| 11 | മറ്റ് സേവന വിരാമ ആനുകൂല്യങ്ങൾ | 2000000 |
| | **ആകെ** | **2,62,00,000** |

**ഭരണനിർവ്വഹണ ചെലവുകൾ**

| ക്രമ. സം. | ഇന വിവരം | തുക |
|---|---|---|
| 1 | വാടക | 2000000 |
| 2 | ഓഫീസ് ചെലവുകൾ | 100000 |
| 3 | വാർത്താവിനിമയ ചെലവുകൾ | 110000 |
| 4 | പുസ്തകങ്ങളും ആനുകാലികങ്ങളും | 300000 |
| 5 | അച്ചടിയും സ്റ്റേഷനറിയും | 500000 |
| 6 | ഇൻഷുറൻസ് / രജിസ്ട്രേഷൻ | 25000 |
| 7 | നീതിന്യായ സേവനങ്ങൾക്കുള്ള ചെലവുകൾ | 250000 |
| 8 | പ്രൊഫഷണൽ സേവനങ്ങൾക്കുള്ള ചെലവുകൾ | 125000 |
| 9 | പരസ്യവും പ്രചരണവും | 150000 |
| 10 | മെമ്പർഷിപ് / വരിസംഖ്യ | 20000 |
| 11 | തിരഞ്ഞെടുപ്പ് | 200000 |
| 12 | അസാധാരണ ചെലവുകൾ | 50000 |
| 13 | മറ്റ് ഭരണനിർവ്വഹണ ചെലവുകൾ | 1000000 |
| | **ആകെ** | **4830000** |

**നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ**

| ക്രമ. സം. | ഇന വിവരം | |
|---|---|---|
| 1 | വൈദ്യുതി ഊർജ്ജം | 1350000 |
| 2 | വെള്ളക്കരം | 100000 |

| | | |
|---|---|---|
| 3 | സാധനങ്ങൾ വാടകയ്ക്ക് എടുക്കുന്നത് | 50000 |
| 4 | സംരക്ഷണവും അറ്റകുറ്റപ്പണിയും (പൊതു കെട്ടിടങ്ങൾ) | 50000 |
| 5 | സംരക്ഷണവും അറ്റകുറ്റപ്പണിയും (റോഡുകൾ) | 50000 |
| 6 | സംരക്ഷണവും അറ്റകുറ്റപ്പണിയും (വൈദ്യുതിയും ജലസേചനവും) | 50000 |
| 7 | സംരക്ഷണവും അറ്റകുറ്റപ്പണിയും (ജംഗമ ആസ്തികൾ ) | 50000 |
| 8 | മറ്റ് മെയിന്റനൻസ് / നടത്തിപ്പ് ചെലവുകൾ | 500000 |
| | ആകെ നടത്തിപ്പ് മെയിന്റനൻസ് ചെലവുകൾ | **2250000** |

**<u>പലിശയും അനുബന്ധ ചെലവുകളും</u>**

| ക്രമ. സം. | ഇന വിവരം | തുക |
|---|---|---|
| 1 | ബാങ്ക് ചാർജസ് | 5000 |
| **ആകെ** | | **5000** |

| | | |
|---|---|---|
| 1 | പ്രൊജക്ടുകൾക്കായി നീക്കിവെയ്ക്കുന്ന ഫണ്ട് | 14,47,87,542 |
| 2 | തൊഴിലുറപ്പ് പദ്ധതി | 6,50,00,000 |
| 3 | സാമൂഹ്യ സുരക്ഷാ പെൻഷൻ | 111800000 |
| 4 | നിലത്തെഴുത്ത് ആശാൻ ഗ്രാന്റ്/മറ്റ് സംഭാവനകൾ | 200000 |

| | |
|---|---|
| **ആകെ ചെലവ്** | **321787542** |

## ഉപസംഹാരം

പ്രിയ സഹപ്രവർത്തകരെ ,

ഈ ഭരണസമിതി അധികാരത്തിൽ വന്നിട്ട് 2 മാസം പിന്നിടുകയാണ് .നിരവധി വികസന പ്രവർത്തനങ്ങൾക്ക് നേതൃത്വം കൊടുക്കുവാൻ നമ്മുക്ക് കഴിയേണ്ടതുണ്ട്. ഒരേ സമയത്ത് പദ്ധതി നിർവ്വഹണവും പദ്ധതിരൂപീകരണ പ്രവർത്തനവും നാം നടത്തി വരുകയാണ്. മുൻ ഭരണസമിതി തുടങ്ങിവെച്ച വികസന പ്രവർത്തനങ്ങൾ നാം പൂർത്തീ കരിക്കേണ്ടത് നമ്മുടെ കർത്തവ്യം ആണ്.ലൈഫ് ഭവന പദ്ധതി , സ്ട്രീറ്റ് ലൈറ്റ് , പകൽ വീട് , മാലിന്യ മുക്ത നവകേരളം , തുടങ്ങിയ ജനകീയ പദ്ധതികൾ നാം പിൻന്തുടരേണ്ടതുണ്ട്.

കുറഞ്ഞ സമയത്തിനുള്ളിൽ ഗ്രാമസഭകളിലൂടെയും വർക്കിഗ് ഗ്രൂപ്പ് യോഗങ്ങളിലൂടെയും ഗ്രാമപഞ്ചായത്തിന്റെ പ്രധാനപ്പെട്ട വിഷയങ്ങളിൽ പങ്കാളികളാകാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്.തദ്ദേശ സ്വയംഭരണ വകുപ്പിന്റെ വിവിധ പരിശീലനത്തിലൂടെ കുറെയധികം കാര്യങ്ങൾ മനസിലാക്കുവാൻ നമ്മുക്ക് കഴിഞ്ഞിട്ടുണ്ട്.നമ്മുക്ക് വലിയ ഉത്തരവാദിത്വമാണുള്ളത്.എം.പി.എം.എൽ.എ ഫണ്ടുകളും സർക്കാർ ഫണ്ടുകളും സ്കീമുകളുമെല്ലാം നേടിയെടുക്കുന്നതിന് വിവിധ പദ്ധതികൾക്ക് നാം രൂപം നൽകേണ്ടതുണ്ട്.

നവീന ആശയങ്ങളിലൂടെയുള്ള പദ്ധതികൾ ആവിഷ്കരിച്ച് വയലാർ ഗ്രാമപഞ്ചായത്തിനെ ഉയർത്തുക എന്നതായിരിക്കണം നമ്മുടെ പ്രധാന കടമ.വയലാർ ഗ്രാമപഞ്ചായത്തിന്റെ സമഗ്ര വികസനം എന്ന ലക്ഷ്യം സാക്ഷാത്കരിക്കുന്ന ഒരു വികസന പരിപ്രേക്ഷ്യം കൂടിയായി ബജറ്റ് മാറുമെന്ന് കരുതുന്നു.നമ്മുടെ ഗ്രാമപഞ്ചായത്തിനുവേണ്ടി 2026-27 വർഷത്തേയ്ക്കുള്ള ബജറ്റ് അഭിമാനപൂർവ്വം സമർപ്പിക്കുന്നു.

## നന്ദി

ബജറ്റിന്റെ രൂപീകരണത്തിനായി അിറഞ്ഞും അറിയാതെയും സംഭാവന ചെയ്തവർ അനേകമാണ്.സ്വന്തം ജീവിതാവസ്ഥകൾക്ക് ശാശ്വത പരിഹാരം ഉണ്ടാകണ മെന്ന് സംസാരിച്ച ഏറ്റവും ദുർബലരായ-നിരാലംബരായവരുടെ പ്രയാസങ്ങൾ നിരവധി വർങ്ങളായി സാമൂഹിക-സാംസ്കാരിക-ഔദ്യോഗിക മേഖലകളിൽ സേവനം ചെയ്യുന്ന ഗ്രാമപഞ്ചായത്തിലെ പൗരപ്രമുഖർ വിവിധ മേഖലകളിലെ ചർച്ചകളും നിർദ്ദേശങ്ങളും ഇതിന്റെയെല്ലാം ഭാഗമായിട്ടാണ് ബജറ്റ് രൂപകൽപന ചെയ്തത് അവരോടുള്ള നന്ദി രേഖപ്പെടുത്തുന്നു. ബജറ്റ് അവതരിപ്പിക്കുന്നതിനെ പ്രോത്സാഹിപ്പിക്കുകയും പിന്തുണയ്ക്കുകയും ചെയ്യുന്ന ഗ്രാമപഞ്ചായത്ത് ഭരണസമിതി അതിന്റെ പ്രസിഡന്റ് ശ്രീമതി.ബിന്ദു മുരളി സഹപ്രവർത്തകരായ പഞ്ചായത്ത് അംഗങ്ങൾ എല്ലാ വർക്കും പ്രത്രേകം നന്ദി രേഖപ്പെടുത്തുന്നു.

ബജറ്റിന്റെ സെക്ഷൻ കൈകാര്യം ചെയ്യുന്ന കണ്ണൻ സി. ഹരിദാസിന് പ്രത്യേകം നന്ദിപറയുന്നു.കൃത്യമായ വരവ്-ചെലവ് കണക്കുകൾ ധനകാര്യ സ്ഥിരസമിതി മുമ്പാകെ അവതരിപ്പിക്കുന്നതിന് അദ്ദേഹത്തിന് സാധിച്ചിട്ടുണ്ട്.ബജറ്റ് എസ്റ്റിമേറ്റ് കണക്കുകൾ തയ്യാറാക്കുന്നതിന് ആവശ്യമായ കാര്യങ്ങൾ നേരത്തെതന്നെ തുടങ്ങുവാനും അത് പൂർത്തീകരിക്കുവാനും കഴിഞ്ഞത് എടുത്തുപറയുന്നു. ധനകാര്യസ്ഥിരം സമിതിയിലെ എന്റെ സഹപ്രവർത്തകരായ ശ്രീ.അനിൽ കുമാർ പി , ശ്രീമതി.ശ്രീജ എ.റ്റി , ശ്രീമതി.മായ ദിലീപ് എന്നിവരോട് ചെയർമാൻ എന്ന നിലയിൽ നന്ദി രേഖപ്പെടുത്തുന്നു.

വയലാർ ഗ്രാമത്തിന്റെ വികസന-ക്ഷേമ-സേവന മേഖലകളിൽ അതിന്റെ വളർച്ചയ്ക്ക് ഉപകരിക്കപ്പെടും എന്ന വിശ്വാസത്തോടെ തയ്യാറാക്കപ്പെട്ട ബജറ്റ് അഭിമാനത്തോടെയും വിനയത്തോടെയും സമർപ്പിക്കുന്നു.

വയലർ

27.02.2026

എം.ജി. നായർ

വൈസ് പ്രസിഡന്റ്

ചെയർമാൻ ധനകാര്യസ്റ്റാന്റിംഗ് കമ്മറ്റി